**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 223** **18-03-2022 - ൽ മറുപടിയ്ക്ക്**

**പാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം ലഭിക്കാത്തവർ അവയെ പിടികൂടുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാമ്പുപിടുത്തത്തിൽ താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകി വരുന്നുണ്ടോ; എങ്കിൽ ഇതിനായി വനം വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്; | (ബി) | പരിശീലനം നൽകി വരുന്നുണ്ട്. പാമ്പുകളെ ജനവാസ മേഖലകളിൽ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ അവയെ പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിലേക്ക് തിരികെ വിടുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ച പ്രകാരം വനംവകുപ്പ് ജീവനക്കാർക്കും തൽപരരായ വോളന്റിയർമാർക്കും പരിശീലനം നൽകുന്നുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കി പരിശീലനത്തിന്റെ ഒടുവിലുള്ള പ്രായോഗിക പരീക്ഷയിൽ സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്തു കാണിക്കുന്നവർക്കാണ് സർട്ടിഫിക്കേഷൻ നൽകുക. അപേക്ഷകർ 65 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം. ഓരോ ജില്ലയിലേയും സോഷ്യൽ ഫോറസ്ട്രി അസിസ്റ്റൻറ് ഫോറസ്റ്റ് കൺസർവേറ്റർക്കാണ് പരിശീലനത്തിനായി അപേക്ഷ നൽകേണ്ടത്. SARPA എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി നേരിട്ടും അപേക്ഷിക്കാം. സംസ്ഥാനത്താകെ വനം വകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. |
| (സി) | പാമ്പുപിടുത്തക്കാർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിരിക്കുന്ന | (സി) | കേരളത്തിൽ ജനവാസ മേഖലകളിൽ പാമ്പുകളെ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ |

| | | | |
|---|---|---|---|
| | നടപടികൾ വിശദമാക്കുമോ? | | അവയെ സുരക്ഷിതമായി പിടികൂടുന്നതിന് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2020 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഗൈഡ് ലൈനിൽ നിഷ്കർഷിച്ച പ്രകാരം സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്യുന്നതിന് തൽപരരായവർക്ക് പരിശീലനം നൽകുകയും പരിശീലനത്തിൽ വിജയിച്ചവർക്ക് അംഗീകൃത സ്നേക്ക് റസ്ക്യൂവർമാരായി സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്യുന്നതിനുള്ള റസ്ക്യൂ ടൂൾ കിറ്റ് അംഗീകൃത റസ്ക്യൂവർമാർക്ക് വനംവകുപ്പ് വാങ്ങി നൽകിയിട്ടുണ്ട്. SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേനയാണ് കേരളത്തിലെ സ്നേക്ക് റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരുന്നത്. കൂടാതെ എല്ലാ ജില്ലകളിലും അംഗീകൃത റസ്ക്യൂവർമാരും വനംവകുപ്പ് ഉദ്യോഗസ്ഥൻമാരുമടങ്ങുന്ന വാട്ട്സപ്പ് ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു. സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കാതെയും അംഗീകൃത ഗൈഡ് ലൈനിന് വിരുദ്ധമായും ആരെങ്കിലും പാമ്പുകളെ പിടികൂടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉദ്യോഗസ്ഥർ ഉടനടി താക്കീത് ചെയ്യുകയും ഇത്തരം പ്രവൃത്തികൾ ആവർത്തിച്ചാൽ അയാളുടെ സർട്ടിഫിക്കേഷൻ റദ്ദാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ